**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436** **21-03-2025 - ൽ മറുപടിയ്ക്ക്**

**മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 13 മേഖലാ കോഴി വളർത്തൽ കേന്ദ്രങ്ങൾ വഴി അതാത് ഫാമിന്റെ കീഴിലുള്ള എഗ്ഗർ നഴ്സറികൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതികളിലേക്ക് 46 മുതൽ 60 ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു വരുന്നു. ഏകദേശം 32 ലക്ഷം കോഴികളെയാണ് ഇത്തരത്തിൽ വിതരണം ചെയ്യുന്നത്. മുട്ട, ഇറച്ചി ഉത്പാദനത്തിൽ ഒരു പരിധി വരെ സ്വയം പര്യാപ്തത കൈവരിക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.<br><br>കേരളത്തിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനുമുള്ള ഏക മാർഗ്ഗം സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും, വ്യാപകമാക്കുകയും ചെയ്യുക എന്നത് മാത്രമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് മൃഗസംരക്ഷണ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട് കുടുംബശ്രീ ഫാമിംഗ് പദ്ധതിയിലൂടെ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്ക് തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് 'കെപ്കോ കേരള ചിക്കൻ' എന്ന ബ്രാൻഡിൽ ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ** |

കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞു, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും, കൂട്ടം പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കെപ്കോയുടെ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് കീഴിൽ കുടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ളതും, പദ്ധതി തുടങ്ങി മൂന്നാമത്തെ വർഷം മുതൽ ദിവസം 50,000 മുട്ട ലഭിക്കുന്ന രീതിയിലുള്ളതുമായ പുതിയ **HI-TECH LAYER FARM IN ENVIORNMENTALY CONTROLLED SHED**-ന്റെ പണികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് കോഴിമുട്ടയുടെ അധിക ഉൽപ്പാദനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ ഒരു പുതിയ ഫാമും, പ്രോസസ്സിംഗ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാലയിൽ RKY പദ്ധതിയുടെ കീഴിൽ **“Establishment of poultry breeding farm for backyard chicken production at Thiruvazhamkunnu"** എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 3 ചിക്കൻ ബ്രീഡർ ഷെഡും , 5 ചിക്കൻ

ബ്രീഡർ ഷെഡും 1 ഡക്ക് ഷെഡും നിർമ്മിച്ചിട്ടുണ്ട്, യൂണിറ്റിൽ നിന്ന് കോഴി ഉൽപ്പാദനവും വിതരണവും ആരംഭിച്ചു. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്ന ഗവേഷണത്തിന്റെ ഭാഗമായി വൈറ്റ് ലഗോൺ കോഴികളുടെ 32-തലമുറയുടെ മുട്ടയുല്പാദനം സവിശേഷതകൾ 72 ആഴ്ചവരെ പഠന വിധേയമാക്കുകയും അവയിൽ നിന്നുള്ള തെരെഞ്ഞെടുക്കൽ പൂർത്തിയാക്കുകയും ചെയ്തു. തനതു ജനുസ്സുകളായ ദേശി(തലശ്ശേരി) വർഗ്ഗത്തിന്റെ ആറാംതലമുറയുടെ മുട്ടയുൽപ്പാദന സവിശേഷതകൾ പഠന വിധേയമാക്കുന്ന പരിപാടികൾ 64 ആഴ്ച വരെ നടത്തി പൂർത്തീകരിച്ചു. എ.ഐ.സി.ആർ.പി ഓൺ പൗൾട്രി ഫോർ എഗ്ഗ്സ്, മണ്ണുത്തി ഫാമിൽ നിന്ന് പ്രജനനപ്രക്രിയയിലൂടെ ഉരുത്തിരിച്ച മൂന്ന് ജനുസ്സുകളുടെ സങ്കരയിനമായ ത്രിവേണി കോഴി ഉൽപ്പാദനവും വിതരണവും ആരംഭിച്ചു.

സർവ്വകലാശാലയുടെ കീഴിലുള്ള മാംസസംസ്കരണ ശാല, ടെക്നോളജി ബിസിനസ് ഇൻകുബേഷൻ കേന്ദ്രം എന്നിവിടങ്ങളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള ത്തിന്റെ തനത് ബ്രാൻഡിൽ വിൽപ്പനയ്ക്ക് തയ്യാറാക്കാൻ സാധിക്കുന്ന ഉത്പ്പന്നങ്ങൾ വികസിപ്പിക്കുന്നതും അത് വ്യാവസായിക അടിസ്ഥാനത്തിൽ വിപണനം നടത്തുന്നതിന് സംരംഭകരെ സാങ്കേതികമായി സഹായിക്കുന്നതുമാണ്

മൃഗസംരക്ഷണ വകുപ്പിലെതന്നെ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ വർഷത്തിൽ 144000 മൃഗങ്ങളെ കശാപ്പ് ചെയ്ത് 9360 മെട്രിക് ടൺ ഇറച്ചി ഉൽപ്പന്നങ്ങൾ (ബീഫ് /പോർക്ക്) ഉൽപാദകശക്തിയുള്ള 3102 ലക്ഷം രൂപ മുതൽമുടക്കിൽ ഒരു അത്യാധുനിക അബറ്റയർ, 540 മെട്രിക് ടൺ ചെറുകിട മൃഗങ്ങളുടെ ഇറച്ചി ഉൽപാദനത്തിനുള്ള മാംസ സംസ്കരണ ഫാക്ടറി, ഒമ്പതുലക്ഷം കോഴികളെ സംസ്കരിച്ച് ഇറച്ചിയാക്കാൻ കഴിയുന്ന ഒരു പൗൾട്രി പ്രോസസിംഗ് പ്ലാൻറ്, എന്നിവ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ആസ്ഥാനമായ ഇടയാറിൽ പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ നിരന്തരമായ ആവശ്യം കണക്കിലെടുത്ത് ഫ്രഷ് / ചിൽഡ് ഇറച്ചി ഉത്പാദിപ്പിച്ച് വിതരണം നടത്തുവാൻ കൂടുതൽ ഷിഫ്റ്റുകൾ കൂടി സംവിധാനം ചെയ്യുന്നു. ചിൽഡ് /ഫ്രഷ് ഇറച്ചി വിപണനത്തിനായി സംസ്ഥാനത്തുടനീളം ഫ്രാഞ്ചൈസി ഔട്ട് ലറ്റുകൾ സ്ഥാപിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്. ആദ്യപടിയായി 30 ഫ്രാഞ്ചൈസി ഔട്ട് ലെറ്റുകൾ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ' മീറ്റ്സ് ആൻഡ് എന്ന ബൈറ്റ്സ്' എന്ന

| | | | |
|---|---|---|---|
| | | | **പേരിൽ 15/10/2024 ന് തുടക്കം കുറിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത ഇറച്ചി ഉത്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്താൻ കൊല്ലം ഏരൂർ പഞ്ചായത്തിൽ ഒരു അത്യാധുനിക മൂല്യ വർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ പ്ലാൻറ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 15 കോടി രൂപ മുതൽമുടക്കുള്ള ഈ പ്ലാന്റിൽ വർഷത്തിൽ 1440 മെട്രിക് ടൺ മൂല്യ വർദ്ധിത ഇറച്ചി ഉത്പന്നങ്ങൾ സംസ്കരിച്ചെടുക്കാൻ കഴിയും.** |
| (ബി) | പാല്, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാൻ സബ്സിഡി നിരക്കിൽ ഉരുക്കളെയും മറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ പ്രധാനപ്പെട്ടതാണ്. ഇതിലേയ്ക്കായി വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന ഈ സർക്കാരിന്റെ കാലത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ക്ഷീരകർഷകർക്ക് ധനസഹായത്തോടുകൂടി പശുക്കളെ വാങ്ങുന്നതിന് സഹായകരമായ നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. എം.എസ്.ഡി.പി പദ്ധതി പ്രകാരം ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്തു പശു യൂണിറ്റ്, ഇരുപത് പശു യൂണിറ്റ് എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. അതിദരിദ്രരുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 90% ധനസഹായത്തോടുകൂടി ഒരു പശു യൂണിറ്റ് നൽകി വരുന്നുണ്ട്. കൂടാതെ തോട്ടം -തീരദേശ - കയർ- മത്സ്യ തൊഴിലാളി മേഖലകളിലെ ജനങ്ങളുടെ സാമൂഹിക ഉന്നമനത്തിനും അധിക വരുമാനത്തിനും ലക്ഷ്യം വച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന 'ക്ഷീരതീരം', 'ക്ഷീരലയം' എന്നീ പദ്ധതികളും പാലുല്പാദന വർദ്ധനവിനു സഹായകരമായിട്ടുണ്ട്.**<br><br>**എന്നാൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ,മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവ വഴി പാല്, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാൻ സബ്സിഡി നിരക്കിൽ ഉരുക്കളെയും മറ്റും ലഭ്യമാക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല.** |

സെക്ഷൻ ഓഫീസർ